ദിവസം നീണ്ടുനില്ക്കുന്ന ഒരു വലിയ മേള (ഉത്സവം) ഹുതാത്മാക്കളെ അനുസ്മരിപ്പിക്കുന്നതിനായി സമീപപ്രദേശങ്ങളിലെ കർഷകർ സംഘടിപ്പിച്ചുവരുന്നു. ഈയാണ്ടിൽ സെപ്റ്റംബർ 24-ാം തീയതിയാണ് ഈ മേള ആരംഭിച്ചത്.

അടുത്തകാലത്ത് ഖേജരിയിലെ കീർത്തിസ്തംഭം സന്ദർശിച്ച 'സ്റ്റേറ്റ്സ്മാൻ' പത്രത്തിന്റെ ലേഖകന് നിരാശയാണുളവായത്. കീർത്തിസ്തംഭവും ക്ഷേത്രവും ഉദ്യാനവും പരിസരങ്ങളുമെല്ലാം വൃത്തികെട്ട്, വേണ്ടത്ര ശ്രദ്ധലഭിക്കാതെ കിടക്കുകയാണെന്ന് സെപ്റ്റംബർ 5-ലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ അദ്ദേഹം എഴുതി. ഈ കാലവർഷക്കാലത്ത് വേണ്ടത്ര മഴ ലഭിച്ചിട്ടുള്ളതിനാൽ അവിടമെങ്ങും പച്ചപിടിച്ചിട്ടുണ്ടെങ്കിലും, ആരും അങ്ങോട്ടു തിരിഞ്ഞുനോക്കുന്നില്ലെന്ന ധാരണയാണ് ആ സ്ഥലം അദ്ദേഹത്തിൽ ജനിപ്പിച്ചത്. ക്ഷേത്രോപജീവികൾ പാർക്കുന്ന ഏതാനും മുറികൾ പ്രവേശദ്വാരത്തിനടുത്തുണ്ട്. ഇവയും ഇവയ്ക്കടുത്തുള്ള പ്രസംഗത്തറയും വൃത്തികേടായി കാണപ്പെട്ടു. പുണ്യതീർത്ഥമെന്നു കരുതപ്പെടുന്ന അടുത്തുള്ള കുളത്തിൽ അദ്ദേഹം കണ്ടതു മലിനജലമാണ്. ഖേജരിയിലേക്കുള്ള തീർത്ഥാടകരുടെ എണ്ണം ആണ്ടുതോറും വർദ്ധിച്ചുവരുന്നുണ്ട്. വൃക്ഷപ്രേമികൾക്ക് എന്നും ഇതൊരു പുണ്യസ്ഥലമായിരിക്കും. ആ നിലയ്ക്ക്, വൃത്തിയിലും ഭംഗിയിലും ഈ പ്രദേശം സംരക്ഷിക്കപ്പെടണം. പക്ഷേ, ഖേജരിയിലെ മഹന്ത് 'സ്റ്റേറ്റ്സ്മാൻ' ലേഖകനോടു പറഞ്ഞപോലെ, 'എല്ലാവർക്കും സ്വാതന്ത്ര്യമുള്ള കാലമല്ലേ? ആരുണ്ട് പറഞ്ഞാൽ കേൾക്കാൻ?'

27 ഒക്ടോബർ, 1985

## 88. ശാസ്താംകോട്ടകായൽ മരിക്കുന്നു

കേരളസംസ്ഥാനത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമാണ് കൊല്ലം ജില്ലയിലുള്ള ശാസ്താംകോട്ടകായൽ. ചെറിയ ഒട്ടേറെ കുന്നുകൾക്കിടയിൽ വളഞ്ഞുപുളഞ്ഞു മുന്നൂറ്റെഴുപത്തഞ്ചു ഹെക്ടറോളം സ്ഥലത്തു പരന്നുകിടക്കുന്ന ഈ മനോഹരമായ ജലാശയത്തെ കേരളാംബയുടെ കഴുത്തിലെ ഇന്ദ്രനീലപ്പതക്കമെന്നു വിശേഷിപ്പിച്ചാൽ അത് അതിശയോക്തിയാവില്ല. പ്രകൃതിസൗന്ദര്യംകൊണ്ടുമാത്രമല്ല, ഉപയോഗംകൊണ്ടും ശാസ്താംകോട്ട കായൽ പ്രാധാന്യമർഹിക്കുന്നു. കൊല്ലം നഗരത്തിലും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങൾ കുടിക്കുന്നത് ശാസ്താംകോട്ട കായലിലെ വെള്ളമാണ്. ഈ കായലിന്റെ വക്കത്താണു സുപ്രസിദ്ധമായ ശാസ്താംകോട്ട ക്ഷേത്രം. അതിനാൽ, ഒരു പുണ്യതീർത്ഥമെന്ന നിലയും ശാസ്താംകോട്ട കായലിനുണ്ട്.

കാര്യമൊക്കെ ശരി. പക്ഷേ, ശാസ്താംകോട്ട കായൽ മരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു മഹാരോഗങ്ങൾ ഈ ജലാശയത്തെ ബാധിച്ചിരിക്കുന്നു.

ഒന്ന് പ്രദൂഷണം (മലിനീകരണം)തന്നെ. കേരളത്തിലെങ്ങുമുള്ളതുപോലെ, ശാസ്താംകോട്ട കായലിന്റെ തീരങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. ഈയിടെയായി ഇവിടെ ജനസംഖ്യ താരതമ്യേന പെരുകിക്കൊണ്ടിരിക്കുകയാണ് എന്നു പറയപ്പെടുന്നു. ശുചിത്വബോധം കുറവായ ജനങ്ങളുടെ ഗാർഹികമാലിന്യങ്ങൾ അപ്പോഴപ്പോൾ കായലിലെത്തുന്നു. പരിസരവാസികളായ ജനങ്ങളും അവരുടെ കന്നുകാലികളും കുളി

കുന്നത്തു കായലിലാണ്. കായലിലെ ജലത്തിന്റെ ശുദ്ധി, പ്രത്യേകിച്ചും വേനൽക്കാലത്ത്, വളരെയധികം കുറഞ്ഞുപോകാൻ ഇതെല്ലാം കാരണമായിത്തീരുന്നു. കുഴലിലൂടെ കൊല്ലം നഗരത്തിൽ കിട്ടുന്ന ശാസ്താംകോട്ട വെള്ളം, മിക്കപ്പോഴും, വളരെ മലിനമാണ്. പലപ്പോഴും അതിന്റെ കലക്കം ഒററനോട്ടത്തിൽത്തന്നെ മനസ്സിലാക്കാം. ഒരു പാത്രത്തിൽ ഈ വെള്ളം പിടിച്ചു കുറച്ചുനേരംവെച്ചാൽ, അടിയിൽ വളരെയധികം ചെളി ഊറിക്കൂടുന്നു. ഈ ചെളിയിൽ ജൈവമലാംശം എത്രമാത്രമെന്നു പരിശോധിച്ചു നോക്കേണ്ടതാണ്. അതു വലിയ തോതിൽ ഉണ്ടായിരിക്കാനാണു സാദ്ധ്യത; ഒപ്പം ഹാനികരങ്ങളായ ബാക്ടീരിയങ്ങളും.

പ്രദൂഷണത്തേക്കാളേറെ മാരകമായ മറെറാരു രോഗവും ശാസ്താംകോട്ട കായലിനെ ബാധിച്ചിരിക്കുന്നു. വൻതോതിലുള്ള മണ്ണൊലിപ്പാണ് ഈ രോഗം. കായൽ നികന്നുകൊണ്ടിരിക്കുകയാണ്. അതിലെ വെള്ളത്തിന്റെ ആഴം ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്നു. 1950–ൽ ഈ കായലിന്റെ ശരാശരി ആഴം ഇരുപത്തിരണ്ടു മീററോളം ആയിരുന്നു എന്നു രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇപ്പോൾ, വർഷകാലത്തുപോലും പതിനഞ്ചു മീററിൽ കൂടുതൽ ആഴം ശാസ്താംകോട്ട കായലിൽ ഒരിടത്തുമില്ലത്രേ. മുപ്പത്തഞ്ചു വർഷംകൊണ്ട് ഏഴുമീററർ ആഴം നികന്നിട്ടുണ്ടെങ്കിൽ, ശേഷിച്ച പതിനഞ്ചുമീററർ ആഴംകൂടി നികന്ന്, കായൽ ആകെ മുണ്ടകപ്പാടം (അതോ റബ്ബർത്തോട്ടമോ?) ആയിമാറാൻ അടുത്ത എഴുപതു വർഷങ്ങൾ ധാരാളമായി മതിയാവും.

കേരളഗവണ്മെൻറിന്റെ ജലവിഭവ വികസന–ഭരണകേന്ദ്രവും (സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെൻറ് ആൻഡ് മാനേജ്മെൻറ്) തിരുവനന്തപുരത്തെ ഉഷ്ണമേഖലാ–സസ്യശാസ്ത്ര–ഗവേഷണഉദ്യാനവും (ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച്) ഈ കായലിനെപ്പററി പഠനങ്ങൾ നടത്തിയത്രേ. ഈ പഠനങ്ങളുടെ ഫലങ്ങൾ വ്യാപകമായ പ്രസിദ്ധീകരണം അർഹിക്കുന്നവയാണ്. ഈ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ഞാൻ കണ്ടിട്ടില്ല. എന്നാൽ, അവയെ അവലംബിച്ച് എഴുതപ്പെട്ട പത്രറിപ്പോർട്ടുകൾ പറയുന്നത്, ശാസ്താംകോട്ട കായലിന്റെ പരിസ്ഥിതിത്തകർച്ചയിൽ ശാസ്ത്രജ്ഞന്മാരും സർക്കാരും ആശങ്കാകുലരാണെന്നാണ്. ചുററുമുള്ള കുന്നുകളിൽ കിളച്ചു കൃഷിനടത്തുന്നതുകൊണ്ടാണു മണ്ണൊലിച്ചു കായൽ നികന്നുപോകുന്നതെന്ന് ഈ പഠനങ്ങളിൽ പറഞ്ഞിട്ടുണ്ടത്രേ. ഇങ്ങനെ തടാകവക്കിൽ മണ്ണിളക്കി കപ്പക്കൃഷിയും മററും നടത്തുന്നതിന്റെ ഫലമായി, ഓരോ ആണ്ടിലും കായലിൽ ഓരോ ഹെക്ടർ സ്ഥലത്തും നൂററിനാല്പത്തിനാലു ടൺ മണ്ണുവീതം അടിഞ്ഞുകൂടുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ശാസ്താംകോട്ട പരിസരങ്ങളിൽ വ്യവസായങ്ങൾ കുറവാണ്. പക്ഷേ, ഉള്ള വ്യവസായങ്ങൾ വായുമലിനീകരണത്തിൽ ഒട്ടും പിന്നോക്കമല്ല. കൊല്ലത്തു പാർക്കുന്നവരുടെ പിൻകഴുത്തിൽനിന്നു ഷർട്ടിന്റെ കോളറിൽ ഓരോ ദിവസവും പററുന്ന കരി നോക്കിയാൽ, ഇവിടത്തെ വായുവിലെ മാലിന്യം ഏറെക്കുറെ ഊഹിക്കാം. കരിനിറയുമ്പോൾ വായുവിനു ചൂടുകൂടുന്നു. ഇതു മണ്ണിൽ വരൾച്ച സൃഷ്ടിക്കുന്നു. ഈ വരൾച്ചയും, മഴയുടെ അനിയതത്വവുംമൂലം, പെയ്ത വെള്ളം പിടിച്ചുനിർത്താനുള്ള മണ്ണിന്റെ കഴിവു നഷ്ടപ്പെടുന്നു. അതിനാൽ, വേനൽ തുടങ്ങുമ്പോഴേക്കു ശാസ്താംകോട്ടകായലിന്റെ പല ഭാഗങ്ങളിലും വെള്ളം തീരെ ഇല്ലാതാവുന്നു. കായലിന്റെ അടിപ്പരപ്പുകട്ട വിണ്ടു കാണപ്പെടുന്നു.

കായൽത്തീരത്തു കിളച്ചു കൃഷിയിറക്കാതിരിക്കുക; അവിടെ മരങ്ങളും ചെടികളും പുല്ലുകളും വളരാൻ അനുവദിക്കുക—മണ്ണൊലിപ്പിനുള്ള പരിഹാരമാർഗം ഇതാണ്. ഇത് എല്ലാവർക്കും അറിയുകയുംചെ

യ്യാം. പക്ഷേ, തങ്ങളുടെ കൈവശമുള്ള ഏതാനും 'ആർ' സ്ഥലത്തു് മരവും പുല്ലും നടണമെന്നു കേൾക്കുമ്പോൾ, സ്ഥലവാസികളിൽ മിക്കവരുടെയും മുഖം ചുളിയും. 'മററുള്ളവർ അങ്ങനെ ചെയ്യട്ടെ. എന്റെ കൈവശം അല്പം സ്ഥലമല്ലേ ഉള്ളൂ? ഇവിടെനിന്നു് മണ്ണൊലിച്ചാൽത്തന്നെ എത്ര ലഭിക്കും? ഈ സ്ഥലം കിളച്ചുമറിക്കാനുള്ള എന്റെ അധികാരം ഞാൻ കൈവിടുകയില്ല'—ഏകദേശം ഈ വിചാരങ്ങളാവും അവരുടെ മനസ്സുകളിൽ.

ഫലമോ? ശാസ്താംകോട്ട കായലിനുചുററും മരംനട്ടു് ഒരു 'പച്ചമേഖല' (ഗ്രീൻബെൽററ്) ഉണ്ടാക്കുന്നതിനു് സർക്കാർ ആരംഭിച്ചിട്ടുള്ള പരിശ്രമങ്ങൾ മുളയിൽത്തന്നെ കരിഞ്ഞുപോകുന്നു. ഈയാണ്ടിൽ, കായൽവക്കിൽ പലേടത്തും മരത്തൈകളും മുളത്തൈകളും മററും നടുകയുണ്ടായി. വരുന്ന വേനൽ കഴിയുമ്പോഴേക്കു് ഈ തൈകളിൽ എത്ര എണ്ണം ബാക്കിയുണ്ടാവുമെന്നു കണ്ടുതന്നെ അറിയണം.

കായൽക്കരയിലെ ചെരിവുപ്രദേശം മുഴവൻ വ്യക്തികളിൽനിന്നു് സർക്കാർ വിലയ്ക്കെടുത്തു് അവിടെ പുല്ലും മരങ്ങളും നട്ടുവളർത്തണം. ജനങ്ങൾ കായലിലെ ജലം ഉപയോഗിക്കുന്നതു കർശനമായി നിയന്ത്രിക്കുകയും വേണം. കുടിക്കാനല്ലാതെ കുളിക്കാനോ, കന്നുകാലികളെ കുളിപ്പിക്കാനോ കായൽജലം ദുരുപയോഗപ്പെടുത്തുന്നതു ശിക്ഷാർഹമാക്കണം. കായൽക്കര മലവിസർജനത്തിനു് ഉപയോഗപ്പെടുത്തിക്കൂടാ. പൊതുജനങ്ങളുടെ പൂർണസഹകരണത്തോടെ, സമഗ്രമായ ആസൂത്രണം നടപ്പിൽ വരുത്തിയാൽ മാത്രമേ ശാസ്താംകോട്ട കായൽ നികന്നുപോകാതെ രക്ഷിക്കാൻ കഴിയൂ. കായലിലെ ജലത്തിന്റെ ഉപയോഗയോഗ്യത നിലനിർത്താനും ഇതാവശ്യമാണു്.

ഈ ഭൂമി നമ്മുടേതല്ല. പിതൃപിതാമഹന്മാരിൽനിന്നു പൈതൃകമായി നമുക്കു ലഭിച്ചതാണു് ഇതു് എന്നു പറയുന്നതും ശരിയായിരിക്കുകയില്ല. വാസ്തവത്തിൽ ഈ ഭൂമിയും ഈ പരിസരവും, വരാനിരിക്കുന്ന തലമുറകളുടേതാണു്. അവരിൽനിന്നു നാം തല്ക്കാലത്തേക്കു് ഇവ കടംകൊണ്ടിരിക്കുന്നു എന്നുമാത്രം. കേടുവരുത്താതെ, സാധിക്കുമെങ്കിൽ കുറെ മെച്ചപ്പെടുത്തി, ഇവ വരുംതലമുറകളുടെ കൈവശം ഭദ്രമായി ഏല്പിച്ചുകൊടുക്കേണ്ട ബാധ്യത നമുക്കു് ഓരോരുത്തർക്കുമുണ്ടു്.

ഈ ബാദ്ധ്യതയെസ്സംബന്ധിച്ച ബോധം, മതവിശ്വാസംപോലെ ഓരോ വ്യക്തിയിലും വേരൂന്നേണ്ടിയിരിക്കുന്നു.

26 ജനുവരി, 1986

## 89. സൂര്യപ്രകാശം രാത്രിയിൽ

വിളക്കുകൾ കത്തിക്കാൻ, പങ്ക വീശാൻ, വെള്ളം തിളപ്പിക്കാൻ, പാട്ടു കേൾക്കാൻ, സിനിമ കാണാൻ, യന്ത്രം നടക്കാൻ, വിളവുകൾ നനയ്ക്കാൻ—എന്തിനും നമുക്കു് ഊർജം വേണം. ഊർജത്തിന്റെ ഏററവുമധികം ഉപയോഗക്ഷമമായ രൂപമത്രേ വിദ്യുച്ഛക്തി. വേണ്ട സമയത്തും സ്ഥലത്തും അളവിലും വിദ്യുച്ഛക്തി കിട്ടാഞ്ഞാൽ ആധുനികജീവിതം നിശ്ചലമായിപ്പോവും.

ഉയർന്ന സ്ഥലത്തു സംഭരിച്ച വെള്ളം താഴോട്ടു് ഒഴുകുമ്പോൾ ഉണ്ടാവുന്ന ഊർജം വിദ്യുച്ഛക്തിയാക്കി മാററിയെടുക്കുന്നതാണു് 'ജലവൈദ്യുതി.' കേരളം ഊർജാവശ്യങ്ങൾക്കു് ആശ്രയിക്കുന്നതു പ്രധാനമായും